Talented Bankers Literary Panel
പുസ്തകപരിചയം 106

പുസ്തകം പരിചയപ്പെടുത്തുന്നത്,
ഉണ്ണികൃഷ്ണൻ ഐ,
എസ് ബി ഐ പാനൂർ

**ഗുഡ്ബൈ മലബാർ (നോവൽ 2019)**
**കെ ജെ ബേബി**

മലബാർ മാന്വലിന്റെ രചയിതാവായ വില്യം ലോഗന്റെ കഥ, അദ്ദേഹത്തിന്റെ ഭാര്യ ആനിയിലൂടെ പറയുകയാണ് കേരള സാഹിത്യ അക്കാദമി അവാർഡ് ജേതാവായ ശ്രീ കെ ജെ ബേബി ഈ ചരിത്ര നോവലിലൂടെ. അതിലൂടെ 1880കളിലെ മലബാറിന്റെ സാമൂഹിക രാഷ്ട്രീയ ജീവിതവും.

മലബാറിന്റെ ചരിത്രം എന്നാൽ നമുക്കു പലർക്കും അത് തിരുവിതാംകൂറിൽ നിന്നുള്ള കുടിയേറ്റവും, മലമ്പനിയും, കാടുകളുമൊക്കെയാണ്. ഇതിനപ്പുറമുള്ള നൂറ്റാണ്ടുകളുടെ പഴക്കമുള്ള മലബാർ ജീവിതമാണ് നോവലിലൂടെ എഴുത്തുകാരൻ പറയുന്നത്

ബ്രിട്ടീഷിന്ത്യയുടെ കീഴിലുള്ള മലബാർ ജില്ലയുടെ ചരിത്രവും ഭൂമിശാസ്ത്രവും, ജാതിമത വ്യവസ്ഥകളും, ഭാഷയും സംസ്കാരവും എന്നു വേണ്ട അവിടുത്തെ പുഴകൾ സസ്യങ്ങൾ ജീവികൾ എന്നിവയെല്ലാം പറ്റി പറയുന്ന ഒരു വഴികാട്ടി, അല്ലെങ്കിൽ ഒരു സഹായിയാണ് മലബാർ മാന്വൽ. ഇത്തരം ഒരു ഗൈഡ് ഉണ്ടാക്കുവാനായി ഈസ്റ്റ് ഇന്ത്യ കമ്പനി മലബാറിന്റെ കലക്ടറായ വില്യം ലോഗനെ ഏൽപ്പിക്കുകയായിരുന്നു.

സ്കോട്ട്ലാൻഡ്കാരനായ വില്യം ലോഗൻ ഈസ്റ്റ് ഇന്ത്യാ കമ്പനിയിൽ സിവിൽ സർവീസിൽ ജോലി ചെയ്യുന്നു. ബ്രിട്ടീഷ് പ്രഭു കുടുംബത്തിൽ നിന്നല്ലാതെ, അവരുടെ ശുപാർശയില്ലാതെ മിടുക്കുകൊണ്ടു ഈ ജോലി നേടിയ ഒരാൾ. വിവിധ വകുപ്പുകളിലെ ജോലിക്കുശേഷം മലബാർ ജില്ലാ കളക്ടറായി അദ്ദേഹത്തെ നിയമിക്കുന്നതോടുകൂടിയാണ് നോവൽ ആരംഭിക്കുന്നത്. ലോഗനും ഭാര്യ ആനിയും വളരെയധികം മനുഷ്യസ്നേഹവും സത്യസന്ധതയുള്ളവരുമായാണ് ചിത്രീകരിച്ചിരിക്കുന്നത്. അതിനു ചരിത്രത്തിന്റെ പിൻബലവും ഉണ്ട്. മലബാറിലെ വികസനത്തിനും നന്മയ്ക്കുമായി ആഹോരാത്രം ഓടിനടക്കുന്ന ഒരു വിദേശി. സൈലന്റ് വാലിയുടെ സംരക്ഷണം, മലബാർ തുറമുഖ വികസനം, മലബാറിലെ റെയിൽവേ വികസനം, വളരുന്ന തലമുറയ്ക്ക് നിർബന്ധിത വിദ്യാഭ്യാസം, ജയിൽ: മാനസിക ആശുപത്രികളിലെ അടിസ്ഥാന ആവശ്യങ്ങൾ തുടങ്ങി ഒട്ടേറെ കാര്യങ്ങളിൽ ശ്രദ്ധചെലുത്തുന്ന ഒരു മനുഷ്യസ്നേഹി.

ആ കാലഘട്ടത്തിലെ കാർഷിക മത ലഹളകൾ, മലബാറിലേക്കുള്ള റെയിൽവേ, സ്റ്റേഷൻ നിർമ്മാണം, വയനാട്ടിലെ കാപ്പികൃഷി തുടങ്ങിയ

പരാമർശങ്ങൾക്ക് ഉപരിയായി അതിനു മുമ്പേയുള്ള മലബാർ കളക്ടറായിരുന്ന കോനോലിയുടെ വധം, പഴശ്ശിരാജയുടെ ബ്രിട്ടീഷുകാർക്ക് എതിരെയുള്ള ചെറുത്തുനിൽപ്പ്, പോർച്ചുഗീസുകാരുടെ വരവ് തുടങ്ങിയ സ്മരണകളും നോവലിലൂടെ കടന്നുവരുന്നു.

ചരിത്രം വായിച്ചപ്പോൾ എന്നെ അതിശയപ്പെടുത്തിയ രണ്ടു കാര്യങ്ങൾ കൊട്ടിയൂർ ഉത്സവം ഇപ്പോഴത്തെ ചടങ്ങുകളോടെ ഒന്നര നൂറ്റാണ്ട് മുമ്പും നടത്തിയിരുന്നു എന്നുള്ളതും കുതിരവട്ടം മാനസികാരോഗ്യ ആശുപത്രി അന്നേ ഉണ്ടായിരുന്നു എന്നുള്ളതമാണ്.

മലബാറിലെ കലാപങ്ങളുടെ കാരണം മതങ്ങൾ അല്ലെന്നും കാർഷികമേഖലയിലെ അസ്വസ്ഥതകളാണെന്നും ലോഗൻ വിശ്വസിച്ചിരുന്നു. കാർഷിക സംഘർഷങ്ങൾ മത സംഘർഷങ്ങളായി വളർത്തുന്നതിൽ ബ്രിട്ടീഷ് അധികാരികൾ പങ്കുവഹിക്കുന്നുണ്ട് എന്ന് അദ്ദേഹം കണ്ടെത്തുകയും എഴുതുകയും ചെയ്തു. കുടികിടപ്പുകാർക്ക് ജന്മികളിൽ നിന്ന് സുസ്ഥിരമായ കുടികിടപ്പും, സുനിശ്ചിത ഒരു വരുമാനവും ഔദാര്യമല്ലാതെ അവകാശമായി ലഭിക്കും എന്ന് ഉറപ്പുണ്ടെങ്കിൽ മതഭ്രാന്തും മറ്റു അക്രമങ്ങളും ഇല്ലാതാകുമെന്ന് അദ്ദേഹം ഈസ്റ്റിന്ത്യാ കമ്പനിക്ക് നൂറ്റാണ്ടുകൾക്കു മുമ്പേ എഴുതിയെന്നത് എത്ര അതിശയം ആണ്.

ഇത്തരം എഴുത്തുകൾ മലബാർ മാനുവലിൽ കണ്ടതു കൊണ്ടാവണം നോവലിസ്റ്റ് അദ്ദേഹത്തെ നല്ലൊരു മനുഷ്യനായി ചിത്രീകരിച്ചുകൊണ്ട്, പുതുതലമുറക്ക് അറിയുവാൻ വേണ്ടി അദ്ദേഹത്തെ നോവലിലൂടെ അവതരിപ്പിച്ചത്.

എത്ര പറഞ്ഞിട്ടും ഈ പരാമർശം മാറ്റുവാൻ ലോഗൻ തയ്യാറായില്ല. ആയതിനാൽ ഗവർണറോ വൈസ്രോയി വരെയോ ഒക്കെ ആകേണ്ടിയിരുന്ന മിടുക്കനായ ഓഫീസറെ സ്ഥാന ഇറക്കം കൊടുത്തുകൊണ്ട് തെലുങ്ക് ദേശത്തേക്ക് സ്ഥലം മാറ്റുകയായിരുന്നു.

ചരിത്ര നോവൽ ആയതുകൊണ്ട് ഒരല്പം ഗൗരവമായ വായനയാണ് ഉണ്ടായത്.. ഇടയിൽ ചിലപ്പോൾ മുഷിയും. നോവലിന്റെ പൂർണ്ണ ഭംഗി നിങ്ങൾക്ക് കിട്ടണമെന്നില്ല. എങ്കിലും പുതുതലമുറ അറിയാതെ പോകുമായിരുന്നു പലതിനെയും അറിയിച്ചു തരുവാൻ ഈ നോവലിനു കഴിഞ്ഞു. തലശ്ശേരിയിലെ ഒരു റോഡിന്റെ പേരിൽ ഇപ്പോൾ പലരും അറിയുന്ന ഈ ലോഗൻ ആരായിരുന്നുവെന്ന് നമുക്ക് ഈ നോവലിൽ കാണാം.

ഡിസി ആണ് പ്രസാധകർ
വില 240 രൂപ